**<u>കാനഡയുടെ ഗവര്ണര് ജനറല് ഇന്ത്യ സന്ദര്ശിക്കുന്നു</u>**
**<u>ഫെബ്രുവരി 22- മാര്ച്ച് 2, 2104</u>**
ഫെബ്രുവരി 14, 2014

കാനഡ ഗവര്ണര് ജനറല് ആദരണീയനായ ഡേവിഡ് ജോന്സ്റ്റണ് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയില് എത്തുന്നു . ഫെബ്രുവരി 22 മുതല് മാര്ച്ച് 2 വരെ ആണ് സന്ദര്ശനം .

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ടിന് ശേഷം ഇത് ആദ്യമായാണ് കാനഡയിലെ ഒരു ഗവര്ണര് ഇന്ത്യ സന്ദര്ശിക്കുന്നത്. നവംബര് 2012 ല് ഉപ പ്രധാനമന്ത്രി സ്റ്റീഫന് ഹാര്പ്പറുടെ വിജയകരമായ ഔദ്യോഗിക സന്ദര്ശനത്തെ തുടര്ന്നാണിത് .

സന്ദര്ശനത്തിനോടനുബന്ധിച്ച് ഫെബ്രുവരി 24 നു ജനറല് ജോണ്സ്റ്റണ് രാഷ്ട്രപതിയുമായി ചര്ച്ചകള് നടത്തും. ഇന്ത്യ സന്ദര്ശിക്കുന്ന വിശിഷ്ടാതിഥിയുമായി ഉപ രാഷ്ട്രപതി , പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി, എന്നിവരും കൂടിക്കാഴ്ചകള് നടത്തും.
ഈ ഔദ്യോഗിക സന്ദര്ശനത്തില് ആദരണീയനായ ഗവര്ണര് ജനറല് ജോണ്സ്റ്റണു ഒപ്പം അദ്ദേഹത്തിന്റെ പത്നി ആദരണീയയായ മാഡം, ഷാരണ് ജോന്സ്റ്റണുമുണ്ടാകും. ഗവണ്മെന്റ് , വ്യാപാരരംഗം, പണ്ഡിതര് എന്നിവരുടെ പ്രതിഉനിധി സംഘത്തില് ഉള്പ്പെടുന്നു.

ഇന്ത്യയിലെയും കാനഡയിലെയും വ്യാപാര രംഗത്തുള്ളവരുമായും ഇന്ത്യയിലെ വ്യാപാര ആശയങ്ങള്ക്ക് പിന്നിലുള്ളവര് എന്നിവരുമായും ചര്ച്ചകള് നടത്തും. . പ്രതിനിധി സംഘം ആഗ്ര, ബംഗളൂരു, മുംബൈ എന്നിവിടങ്ങളും സന്ദര്ശിക്കും.

**ന്യൂ ഡെല്ഹി**
**ഫെബ്രുവരി14, 2014**